II ഇ.ബി. XIII- കേരള നിയമസഭ/V-3

# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

2012 ജൂൺ 13, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(മലപ്പുറം ജില്ലയിൽ നടന്ന ഇരട്ടക്കൊലക്കേസ്സിലെ പ്രതിയെ അറസ്റ്റു ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറും പ്ലക്കാർഡുകളും പിടിച്ചു കൊണ്ട് പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിനടുത്തുവന്ന് മുദ്രാവാക്യം വിളിക്കുകയും പ്രതിപക്ഷ നേതാവിന് സംസാരിക്കാൻ അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് ബഹളം വയ്ക്കുകയും ചെയ്തുകൊണ്ടിരിക്കെ ചോദ്യോത്തരവേള ആരംഭിച്ചു.)

(ചോദ്യകർത്താക്കൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ 61, 62, 63 എന്നീ നമ്പർ ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടില്ല.)

9 (*64) <u>സ്വകാര്യമേഖലയിലെ നഴ്സുമാർക്ക് മിനിമം വേതനം</u>

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, സ്വകാര്യമേഖലയിലെ നഴ്സുമാർക്ക് മിനിമം വേതനം നിശ്ചയിച്ചതോടൊപ്പം അത് നടപ്പിലാക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നുണ്ടെന്നും മിനിമം വേതനം നടപ്പാക്കാത്ത ആശുപത്രി

കൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ബലരാമൻ കമ്മിറ്റി റിപ്പോർട്ട് പഠിച്ച് അഭിപ്രായ സമന്വയമുണ്ടാക്കി രണ്ട് മാസത്തിനകം ശുപാർശ സമർപ്പിക്കാനായി ചുമതലപ്പെടുത്തിയിട്ടുളള വ്യവസായബന്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ തൊഴിൽ സംബന്ധമായ പ്രശ്നങ്ങളിൽ തൊഴിൽ വകുപ്പ് ഇടപെട്ട് പരിഹാരം കണ്ടെത്തുകയും അന്യ സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന നഴ്സുമാരിൽ നിന്നും പരാതി ലഭിച്ചാൽ അതാത് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മിനിമം വേതനം നടപ്പാക്കുന്ന ആശുപത്രികളിൽ നടക്കുന്ന സമരം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് മാനേജുമെന്റ് പ്രതിനിധികളും ട്രേഡ് യൂണിയനുകളുമായും ധാരണയിലെത്തിയിട്ടുണ്ടെന്നും ബോണ്ട് സമ്പ്രദായം അവസാനിപ്പിച്ചിട്ടുണ്ടെന്നും ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(ചോദ്യകർത്താക്കൾ സീറ്റിലില്ലാതിരുന്നതിനാൽ 65-ാം നമ്പർ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.)

10 (*66) <u>യുവജനനയം</u>

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഒരു യുവജനനയം രൂപീകരിക്കുന്നതിന് നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച കരട് യുവജനനയം സമ്പുഷ്ടമാക്കുന്നതിനായി ജനപ്ര

തിനിധികൾ, യുവജനസംഘടന/ വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ, വിദഗ്ദ്ധർ തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനായി ചർച്ചകളും ശില്പശാലകളും വകുപ്പുതലത്തിൽ സംഘടിപ്പിച്ചുവരുന്നുണ്ടെന്നും ഇതിൽ ഉരുത്തിരിഞ്ഞുവരുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഭേദഗതികളും ഉൾക്കൊള്ളിച്ചുകൊണ്ട് നയത്തിന് അന്തിമരൂപം നൽകാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും ഇതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. യുവജനങ്ങളുടെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമാക്കി വിവിധ നൂതന പദ്ധതികൾ യുവജനക്ഷേമ ബോർഡ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ജോബ് രജിസ്ട്രേഷൻ, ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഇൻഫർമേഷൻ സെന്റർ, ഇന്റർനെറ്റ് സൗകര്യം തുടങ്ങിയ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി രൂപകല്പന ചെയ്ത വെബ്സൈറ്റിലൂടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പരിപാടിയുടെ വിശദവിവരങ്ങൾ ലഭ്യമാകുന്നതാണ്. തിരുവനന്തപുരത്ത് സംഘടിപ്പിച്ച ജോബ് ഫെസ്റ്റിലൂടെ 686 പേർക്ക് ജോലി നൽകാൻ സാധിച്ചിട്ടുണ്ടെന്നും എല്ലാ ജില്ലകളിലും ജോബ് ഫെസ്റ്റുകൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചുവരികയാണെന്നും മന്ത്രി അറിയിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിയ യുവശക്തി പദ്ധതിയുടെ ഭാഗമായ യൂത്ത് സെന്ററുകൾവഴി രക്തദാന ഫോറം, ലേബർ ബാങ്ക്, യുവകർമ്മ സേന, കാർഷിക ക്ലബ്ബുകൾ, കാർഷിക ബോധവൽക്കരണ പരിപാടികൾ, തൊഴിൽ പരിശീലനങ്ങൾ, ആരോഗ്യ-സാമൂഹിക ബോധവൽക്കരണ പരിപാടികൾ, കേരളോത്സവം എന്നിവ നടപ്പിലാക്കിവരുന്നു. പഞ്ചായത്ത്/ബ്ലോക്ക്തല യുവശക്തി

പ്രവർത്തനങ്ങളും മറ്റ് യുവജനക്ഷേമ പരിപാടികളും ജില്ലയിൽ ഏകോപിപ്പി ക്കുകയും നേതൃത്വം നൽകുകയും ചെയ്യുന്നത് ജില്ലാ യൂത്ത് സെന്ററുകൾ വഴിയാണ്. തൊഴിൽരഹിതരായ യുവജനങ്ങൾക്ക് സി-ഡിറ്റുമായി സഹക രിച്ച് ഒരു ജില്ലയിൽ 500 പേർക്ക് എന്ന രീതിയിൽ ഡി.റ്റി.പി. പരിശീലന പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. യുവജന ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് തിരുവനന്ത പുരത്ത് സ്വന്തമായി ആസ്ഥാന മന്ദിരവും ആദ്യഘട്ടമെന്ന നിലയിൽ 5 ജില്ല കളിൽ യൂത്ത് ഭവനുകളും തൊഴിലധിഷ്ഠിത പരിശീലനത്തിനായി ഒരു യുവജന പരിശീലന കേന്ദ്രവും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. യുവാക്കളെ സാമൂഹ്യ പ്രതിബദ്ധതയുള്ളവരാക്കി മാറ്റുന്നതിനുള്ള ബോധവൽക്കരണ കാമ്പയിൻ സംഘടിപ്പിക്കുന്ന കാര്യം ആലോചിക്കാവു ന്നതാണെന്നും യൂത്ത് കമ്മീഷന് അർദ്ധ ജുഡീഷ്യറി പദവി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടി യായി മന്ത്രി വ്യക്തമാക്കി.

11 (*67) <u>പട്ടികജാതി കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>

പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ) നൽകിയ മറുപടിയിൽ, സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം മെറിറ്റ്/റിസർവ്വേഷൻ സീറ്റുകളിൽ പ്രവേശനം നേടുന്നവർക്കും ഡി.എം.ഇ., ഡി.എച്ച്.എസ്, നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും അലോട്ട്മെന്റ് വഴി പ്രവേ

ശനം നേടുന്ന എസ്.സി. വിദ്യാർത്ഥികൾക്കും സർക്കാർ/സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവ് നിലവിലില്ലാത്തതിനാൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഇപ്പോൾ അനുവദിക്കുന്നില്ല. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന അർഹരായ എസ്.സി. കുട്ടികൾക്ക് സ്റ്റൈപ്പന്റും ലംപ്സംഗ്രാന്റും നൽകുന്ന കാര്യവും പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ് ആയിരം രൂപയാക്കി വർദ്ധിപ്പിക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്. എസ്.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എൻജിനീയറിംഗ് എൻട്രൻസ് കോച്ചിംഗിന് ആവശ്യമായ സ്റ്റൈപ്പന്റ് നൽകുന്നുണ്ടെന്നും സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിനുള്ള കോച്ചിംഗ് സെന്റർ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ടെന്നും ഡൽഹിയിൽ പോയി പഠിക്കാനുള്ള സൗകര്യം സർക്കാർ ചെയ്തുകൊടുക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വിദ്യായാത്ര പദ്ധതിയുടെ ആദ്യഘട്ടമായി എട്ടാം ക്ലാസ്സിൽ പഠിക്കുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്തിരുന്നുവെന്നും അത് മറ്റ് ക്ലാസ്സുകളിലേയ്ക്കുകൂടി വിപുലപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നതാണെന്നും പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ വർഷം മുതൽ ലാപ് ടോപ് നൽകുന്നതാണെന്നും മന്ത്രി അറിയിച്ചു. പത്താം ക്ലാസ്സ് വരെയുള്ള എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ അദ്ധ്യയന വർഷാരംഭത്തിൽത്തന്നെ സ്റ്റൈപ്പന്റ് ലഭ്യമാക്കുന്നതിനുള്ള നടപ

ടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വായ്പ നൽകുന്നതിൽ ബാങ്കുകൾ സ്വീകരിക്കുന്ന നിഷേധാത്മക സമീപനം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ ബാങ്ക് അധികൃതരുടെ ഉന്നതതലയോഗത്തിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ത്രിതല പഞ്ചായത്തുകളിൽ എസ്.സി. വിഭാഗങ്ങൾക്കുള്ള ഫണ്ട് ചെലവഴിക്കുന്നതിലുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കുന്നതിന് നടപടിയെടുക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(ചോദ്യകർത്താക്കൾ സീറ്റിലില്ലാതിരുന്നതിനാൽ 68, 69 എന്നീ നമ്പർ ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടില്ല.)

12 (*70) ജലനിധി രണ്ടാംഘട്ടം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) നൽകിയ മറുപടിയിൽ, 1022 കോടി രൂപ അടങ്കലിൽ 8 ജില്ലകളിലായി ഇരുന്നൂറോളം ഗ്രാമപഞ്ചായത്തുകളിലെ 11.50 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളവും 7 ലക്ഷം പേർക്ക് ശുചിത്വ സംവിധാനവും ലഭ്യമാക്കുന്ന ലോകബാങ്ക് സഹായത്തോടെയുള്ള ജലനിധിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ട്രൈബൽ മേഖലകൾ ഉൾപ്പെടുന്ന 43-ഓളം പഞ്ചായത്തുകളിൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 142 പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയുമാണ്. പദ്ധതി നടപ്പിലാക്കുന്ന സഹായ സംഘടനകളെ തെരഞ്ഞെടുക്കുന്ന പ്രക്രിയ പുരോഗതിയിലാണ്. ജലനിധിയുടെ ഭാഗമായി 15 മൾട്ടി-ജി.പി. പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്നത് ശുദ്ധജലമാണെന്ന് ഉറപ്പുവരുത്താനുള്ള

നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി 71 മുതൽ 90 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 624 മുതൽ 923 വരെയുള്ള ചോദ്യങ്ങളിൽ 97 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)